**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2002** **02-02-2024 - ൽ മറുപടിയ്ക്ക്**

**ജില്ലാ സ്പോർട്സ് ഗ്രിഡ് പ്രോജക്ട് നടപ്പിലാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** | | **ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കേരള സ്പോർട്സ് ആക്ട് 2000-ലെ വ്യവസ്ഥകൾക്ക് അനുസൃതമായി സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളുടെയും ആരോഗ്യകരമായ ജീവിതം ഉറപ്പ വരുത്തുന്നതിനായി ജില്ലാ സ്പോർട്സ് ഗ്രിഡ് പ്രോജക്ട് നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; | (എ) | സംസ്ഥാനത്ത് കേരള സ്പോർട്സ് ആക്ട് 2000- ലെ വ്യവസ്ഥകൾക്ക് അനുസൃതമായി സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളുടെയും ആരോഗ്യകരമായ ജീവിതം ഉറപ്പ് വരുത്തുന്നതിനായി സംസ്ഥാനത്ത് എല്ലാ പ്രദേശങ്ങൾക്കും പ്രയോജനപ്പെടുന്ന വിധത്തിൽ കായിക അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനും, പ്രസ്തുത കായിക അടിസ്ഥാന സൗകര്യങ്ങൾ പരമാവധി ആളുകൾക്ക് ഉപയോഗിക്കുവാൻ കഴിയുന്ന തരത്തിൽ സംസ്ഥാന സ്പോർട്സ് ഗ്രിഡ് പ്രൊജക്ട് നടപ്പിലാക്കുന്നതിന് വേണ്ട നടപടികൾ കേരള കായിക നയം-2023 ൽ വിഭാവനം ചെയ്തിട്ടുണ്ട്. |
| (ബി) | ഇന്റർ കോളേജ് സ്പോർട്സ് മത്സരങ്ങളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് ഭക്ഷണം, താമസം എന്നിവയ്ക്കായി നൽകുന്ന ഡെയിലി അലവൻസ്, ഹോസ്റ്റൽ അലവൻസ് എന്നിവ കാലാനുസൃതമായി പരിഷ്കരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; | (ബി) | ഇന്റർ കോളേജ് സ്പോർട്സ് മത്സരങ്ങളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് ഭക്ഷണം, താമസം എന്നിവയ്ക്കായി ഡെയ്ലി അലവൻസ് അനുവദിക്കേണ്ടത് കായിക താരങ്ങൾ പ്രതിനിധീകരിക്കുന്ന കോളേജുകളിൽ നിന്നുമായതിനാൽ ഇത് സംബന്ധിച്ച നിയമാവലികൾ പരിഷ്കരിക്കുന്നതിനുള്ള നടപടികൾ ഈ വകുപ്പിൽ നിന്നും സ്വീകരിക്കുന്നതിന് സാധിക്കുകയില്ല. |
| (സി) | കായികവകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ വിപുലവും സജീവവുമാക്കുന്നതിന്റെ ഭാഗമായി കായിക യുവജനക്ഷേമ ഡയറക്ടറേറ്റിന് കീഴിൽ ജില്ലകൾ തോറും ഓഫീസുകൾ തുടങ്ങാൻ നടപടി സ്വീകരിക്കുമോ? | (സി) | നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ